**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.623** **03-03-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുമിഞ്ഞുകൂടുന്ന ജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ട് വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതി വഴിയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ 'പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് 'വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ഡെസ്റ്റിനേഷൻ അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20).' ഇതിൽ ആദ്യഘട്ടത്തിൽ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെയാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ഈ ഏജൻസി മുഖേന മാലിന്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സംസ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>കൂടാതെ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് ഒരു 'തേർഡ് പാർട്ടി ആഡിറ്റിംഗ്' ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവിയോൺമെന്റ് സ്റ്റഡീസ് ആണ് ആഡിറ്റ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയിൽ ജൈവമാലിന്യ സംസ്കരണവും, അജൈവമാലിന്യ സംസ്കരണവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എയ്റോബിൻ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷന്റെ അംഗീകൃത എംപാനൽഡ് ഏജൻസികളിൽ നിന്ന് എസ്റ്റിമേറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആർ.ടി. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കെ.ടി.എം. ഫൗണ്ടേഷനുമായി ചേർന്ന് "ക്ലീൻ കേരള ഇനീഷ്യേറ്റീവ് പദ്ധതി" നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/സൗഹാർദ്ദ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ. കൾ എന്നിങ്ങനെ വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൻതോതിൽ കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് കുപ്പികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിലും മറ്റുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഇതിനായി ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നുണ്ട്.<br>ഈ പദ്ധതിയിൽ ജൈവമാലിന്യ സംസ്കരണവും, അജൈവമാലിന്യ സംസ്കരണവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എയ്റോബിൻ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷന്റെ അംഗീകൃത എംപാനൽഡ് ഏജൻസികളിൽ നിന്ന് എസ്റ്റിമേറ്റ് നടപടികൾ സ്വീകരിച്ച് വരുന്നു.<br>മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇതര വകുപ്പുകളുമായി ചേർന്ന് | | |

| | | | | |
|---|---|---|---|---|
| | പദ്ധതികൾ ആവിഷ്കരിച്ച് മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ തയ്യാറാകുമോ; വിശദമാക്കുമോ? | | | ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് ഒരു 'തേർഡ് പാർട്ടി ആഡിറ്റിംഗ്' ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവിയോൺമെന്റ് സ്റ്റഡീസ് ആണ് ആഡിറ്റ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

Sandhya

**സെക്ഷൻ ഓഫീസർ**